LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ നോഡൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിച്ചിട്ടില്ല. നോഡൽ വാട്ടർ ടെക്നോളജി സെന്റർ വെള്ളാനിക്കര മെയിൻ കാമ്പസിലാണ് നടപ്പിലാക്കിയത്. വെള്ളാനിക്കരയിൽ പ്രസ്തുത ഗവേഷണം നടന്നുവരുന്നു.

ബി. എസ് സി. (Hons)അഗ്രികൾച്ചറൽ കോഴ്സിന് പ്രവേശനം

191 (3398) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻട്രൻസ് പരീക്ഷ എഴുതി വിജയിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അവസരം നിഷേധിച്ചുകൊണ്ട് കാർഷിക മേഖലയിൽ അവാർഡു നേടിയ കർഷകപ്രതിഭയായ വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ബി. എസ് സി. (Hons) അഗ്രികൾച്ചറൽ കോഴ്സിന് സ.ഉ.(എം എസ്) 142/2015/കൃഷി എന്ന 3-9-2015 ലെ ഉത്തരവുപ്രകാരം പ്രവേശനം നൽകാൻ തീരുമാനിച്ചത് ഏതു ചട്ടപ്രകാരമാണെന്നും, പ്രസ്തുത തീരുമാനം കാർഷിക സർവ്വകലാശാലയുടെ ചാൻസലറുടെ അനുമതിയോടെ ആണോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

എൻട്രൻസ് പരീക്ഷ എഴുതി വിജയിച്ച കാർഷിക മേഖലയിലെ സംസ്ഥാന സർക്കാരിന്റെ സംസ്ഥാനതല അവാർഡ് നേടിയ കാർഷിക പ്രതിഭയായ വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാലയിലെ B.Sc. (Hons) Agriculture കോഴ്സിന് 2015-16 അദ്ധ്യയന വർഷം മുതൽ തുടർന്നുള്ള വർഷങ്ങളിലും പ്രവേശനം നൽകാൻ തീരുമാനിച്ചത് സർക്കാർ ഉത്തരവും സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങളും അനുസരിച്ചാണ്.

വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം

192 (3399) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സാമ്പത്തിക വർഷത്തെ വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ വ്യക്തമാക്കുമോ;